(ബി) അദ്ധ്യാപകർ - 26338

വിദ്യാർത്ഥികൾ- 3,61,000

(സി) 2015 മാർച്ചിൽ പത്താംക്ലാസ്സ് പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് മാത്രമേ 2015-16-ൽ വേണ്ട പ്ലസ് വൺ സീറ്റുകളുടെ എണ്ണം കണ്ടെത്താൻ കഴിയുകയുള്ളൂ.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം

11(2917) ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗീകരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തടയുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്നറിയിക്കാമോ ;

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഇത്തരം സ്കൂളുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ ; ചട്ടവിരുദ്ധ പ്രവർത്തനങ്ങളും വിദ്യാർത്ഥി പീഡനങ്ങളും നിത്യസംഭവമായി മാറിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം തടയുന്നതിന് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ./ സംസ്ഥാന സിലബസ് എന്നീ വിഭാഗങ്ങളിലുണ്ട് ; ഇതിനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾ പൊതു വിദ്യാലയങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയുയർത്തുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സർക്കാർ അനുമതിയില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ നല്ല

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ പ്രവർത്തിക്കുന്നതും സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതുമായ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും അല്ലാത്തവ അടച്ചുപൂട്ടുവാനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

(സി) സർക്കാർ അംഗീകാരമില്ലാതെ സ്വന്തം നിലയിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തിവരുന്നതായുള്ള സ്കൂളുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) ഉണ്ട്. 10-6-2013-ലെ സ.ഉ. (കൈ.) 184/2013/പൊ.വി. പ്രകാരം മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരം ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം

12(2918) ശ്രീ. ബാബു എം പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ച് എണ്ണം പെരുപ്പിച്ച് കാട്ടിയ സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന് ഉത്തരവാദികളായ അദ്ധ്യാപകരെ കണ്ടെത്തിയിട്ടുണ്ടോ ; ഇവർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂൾ പ്രവേശന രജിസ്റ്ററിൽ നിന്നും വ്യാജ അഡ്മിഷൻ നീക്കിയാൽ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(സി) വ്യാജ അഡ്മിഷനിലൂടെ നിയമനം നേടിയ അദ്ധ്യാപകരെ സർവ്വീസിൽ നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സൂപ്പർ ചെക്ക് പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയ രണ്ട് സ്കൂളുകളായ കട്ടച്ചൽകുഴി എസ്.എൻ.യു.പി.എസ്., എം.സി.എച്ച്.എസ്. കോട്ടുകാൽക്കോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റ് അദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly